പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4830

22/03/2018 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം സംരംഭങ്ങളാണ് പ്രവർത്തിച്ച് വരുന്നത് ; വിശദമാക്കാമോ; | എ) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു:<br>1) ത്രിവേണി സൂപ്പർ മാർക്കറ്റ്<br>2) മൊബൈൽ ത്രിവേണി<br>3) ഗോഡൗൺ<br>4) ഇ-ത്രിവേണി<br>5) നീതി മെഡിക്കൽ വെയർഹൗസ്<br>6) നീതി മെഡിക്കൽ സ്റ്റോർ<br>7) എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റ്<br>8) നോട്ട് ബുക്ക്/ കമ്പ്യൂട്ടർ സ്റ്റേഷനറി മാനുഫാക്ചറിംഗ് യൂണിറ്റ്<br>9) ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി<br>10) ശുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ് |
| ബി) | ഇവയിൽ പ്രവർത്തനലാഭം നേടിയ സംരംഭങ്ങൾ , നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | ബി) | മേൽപ്പറഞ്ഞ സംരംഭങ്ങളിൽ ത്രിവേണി വിഭാഗം ഒഴികെ മറ്റ് എല്ലാ സംരംഭങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ സംരംഭങ്ങളും നേടിയ ലാഭം/നഷ്ടം ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ സംരംഭങ്ങളും നേടിയ ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു: |

| കാലയളവ് -01/06/2016 മുതൽ 28/02/2018 വരെ | | |
|---|---|---|
| സംരംഭം | | ലാഭം/നഷ്ടം (കോടിയിൽ) |
| 1 | ബിവറേജസ് | 309.162 |
| 2 | നീതി മെഡിക്കൽ സ്കീം | 9.035 |
| 3 | നീതി ഗ്യാസ് | 0.622 |

| | | | |
|---|---|---|---|
| | | | 4 \| ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി \| 0.466<br>5 \| നോട്ട് ബുക്ക് യൂണിറ്റ് \| 3.559<br>6 \| ത്രിവേണി, നീതി & ഇ-ത്രിവേണി \| -(87.248) (Loss)<br>7 \| ശുശ്രൂഷാ ഹൈടെക് ലാബ് \| 0.022<br>ആകെ \| 235.530<br>Less ആഫീസ് ചെലവുകൾ \| 112.109<br>ലാഭം/നഷ്ടം \| 123.421 |
| ഡി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ ; | ഡി) | കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണികൾ, മൊബൈൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾ എന്നു തുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന നീതി സ്റ്റോറുകളുടെ കൂട്ടായ്മയിൽ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന 12 മാസക്കാലത്തേയ്ക്ക് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വർഷത്തിലുടനീളം ലഭ്യമാക്കിക്കൊണ്ട് വില സ്ഥിരത ഉറപ്പ് വരുത്തുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൺസ്യൂമർഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വില്പനയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം ഫലപ്രദമാക്കി വരുന്നു.<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നുള്ള ഇന്റൻഡുകൾ ശേഖരിച്ച് അഡ്വാൻസ് വാങ്ങി സാധനങ്ങൾ വാങ്ങാൻ തുടങ്ങിയതോടെ പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കാനായി . മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് മരുന്നു വാങ്ങുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | കൂടുതൽ വില കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ത്രിവേണി നോട്ടു ബുക്കുകളും പഠന സാമഗ്രികളും, കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പിക്കുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>സാധാരണക്കാർ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലും ആദിവാസി, തീരദേശ മേഖലകളിലും കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ? | ഇ) | സഹകരണ മേഖലയുടെ ഇടപടലിനെ പ്രധാനമായും രണ്ടായി തരം തിരിക്കാം. ഒന്ന് ഉത്പാദനം വർദ്ധിപ്പിക്കാനായി ആവശ്യമായ ഇടപെടൽ. ഇതിന്റെ ഭാഗമായി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ വഴി വിവിധ അവശ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായി ഇടപെടുന്നുണ്ട്. രണ്ടാമതായി വിതരണത്തിന്റെ കാര്യത്തിലുള്ള ഇടപെടലും വിപണി നിയന്ത്രിക്കലും. ഇതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്.<br><br>അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്നും അരി കൊണ്ടു വന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വില കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഇ-ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ എന്നീ ഔട്ട് ലെറ്റുകൾ വഴിയും, പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകൾ വഴിയും ഉത്സവ ചന്തകൾ വഴിയും വിപണനം നടത്തിയതിലൂടെ സംസ്ഥാനം ഒട്ടാകെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സാധിച്ചു. |

സെക്ഷൻ ഓഫീസർ